മഹാ വിലക്കുറവുമായി മാവേലി മാർക്കറ്റ്

സ്വന്തം ലേഖിക

തിരുവനന്തപുരം

രണ്ടുനിലകളിലായി വിലക്കുറവിന്റെ മഹാമേള തീർത്ത് ഗവ. സെക്രട്ടറിയറ്റ് സ്റ്റാഫ് സഹകരണ സംഘത്തിന്റെ മാവേലി സ്റ്റുഡന്റ്സ് മാർക്കറ്റ് ആൻഡ് ഗിഫ്റ്റ്സ്.

മറ്റൊരു ബ്രാൻഡും പുറത്തിറക്കാത്ത 192 പേജുള്ള നോട്ടുബുക്കാണ് മാർക്കറ്റിലെ പ്രധാന ആകർഷണം. സഹകരണസംഘം പ്രത്യേകമായി അച്ചടിപ്പിക്കുന്ന നോട്ടുബുക്കുകൾക്കും ആവശ്യക്കാർ കൂടുതലാണ്. മധുരയിലാണ് ഇവ അച്ചടിക്കുന്നത്. 192, 120, 80 പേജുകളിൽ ലഭിക്കും. മറ്റ് ബ്രാൻഡഡ് ഉൽപ്പന്നങ്ങൾ 20 ശതമാനംമുതൽ 30 ശതമാനംവരെ വിലക്കുറവിലും ലഭിക്കും. മൊത്തവിൽപ്പനയിലും ചില്ലറ വിൽപ്പനയിലും വിലയിൽ മാറ്റമില്ല എന്നതും മറ്റൊരു പ്രത്യേകതയാണ്. പുളിമൂട് ജിപിഒയ്ക്ക് എതിർവശമുള്ള പ്രസ്റോഡിലെ ബഹുനില മന്ദിരത്തിലാണ് മാർക്കറ്റ്. സ്കൂളിലേക്ക് ആവശ്യമായ എല്ലാ ഉൽപ്പന്നങ്ങളും ഒരു കുടക്കീഴിൽ ലഭിക്കും. ബാഗ്, കുട, കുടിവെള്ളക്കുപ്പി, മഴകോട്ട്, നോട്ടുബുക്ക്, പേന, പെൻസിൽ, സ്കൂൾ ഷൂസ്, ചോറ്റുപാത്രം, മറ്റ് സ്റ്റേഷനറി ഉൽപ്പന്നങ്ങൾ തുടങ്ങിയവയെല്ലാം കിട്ടും. രാവിലെ 10 മുതൽ രാത്രി 12വരെ പ്രവർത്തിക്കും. സീസൺ സെയിൽ ജൂൺ പകുതിവരെയുണ്ടാകും. ഇതിനുശേഷവും മാർക്കറ്റ് പ്രവർത്തനം തുടരും. പഠനോപകരണങ്ങൾക്കുപുറമെ ഗിഫ്റ്റ് ഐറ്റങ്ങളും ഇവിടെയുണ്ട്. ഈ മാസം അവസാനത്തോടെ ഗിഫ്റ്റ് വിഭാഗവും വിപുലമാക്കും. രാവിലെമുതൽ തന്നെ വലിയ തിരക്കാണ് മേളയിൽ.

സംഘം അച്ചടിക്കുന്ന 192 പേജ് നോട്ടുബുക്കിന് 55 രൂപയും കിങ് സൈസ് ബുക്കിന് 39.75 രൂപയും 120 പേജ് ബുക്കിന് 24.90 രൂപയും 80 പേജ് ബുക്കിന് 13.50 രൂപയുമാണ്. കുടകൾ 138 രൂപമുതൽ ലഭിക്കും.

സെക്രട്ടറിയറ്റ് സ്റ്റാഫ് സഹകരണ സംഘം മാവേലി സ്റ്റുഡന്റ്സ് മാർക്കറ്റിന്റെ ദൃശ്യം

മറ്റു ബ്രാൻഡുകളുടെ വിലവിവരം

ഉൽപ്പന്നം	വിപണിയിൽ	മേളയിൽ
ക്ലാസ്മേറ്റ്ബുക്ക് 140 പേജ്	55 രൂപ	39.20 രൂപ
120പേജ്	32	21.39
പേപ്പർഫ്ലൈ ബുക്ക്	35	22.40
കിങ് സൈസ്	45	28.80
പേപ്പർഗ്രിഡ്	55	37.60
	35	23.95
സ്കൈബാഗ്	2050	1020
	2950	1388
ലൂണാർ ബാഗ്	1179	717
	1785	937
	1525	914
	1516	966
	1929	1011
ജോഡെക്സ് ബോക്സ്	100	71
	90	71

സിഐടിയു ശുചീകരണദിനം നാളെ

- തൊഴിലാളികളുടെ നേതൃത്വത്തിൽ ജില്ലയിലാകെ ഒരു മാസത്തെ ശുചീകരണം

തിരുവനന്തപുരം

സിഐടിയു സംസ്ഥാന കമ്മിറ്റി ആഹ്വാനപ്രകാരം ഞായർ ശുചീകരണദിനമായി ആചരിക്കും. 500 തൊഴിലാളികൾ പാളയം മാർക്കറ്റ് ശുചീകരിച്ചുകൊണ്ട് സംസ്ഥാന ഉദ്ഘാടനം മന്ത്രിമാരായ എം ബി രാജേഷും വി ശിവൻകുട്ടിയും ചേർന്ന് നിർവഹിക്കും. രാവിലെ ഏഴിന് ശുചീകരണം ആരംഭിക്കും. മറ്റിടങ്ങളിൽ ഏരിയ, മേഖലാ കമ്മിറ്റികളുടെ നേതൃത്വത്തിൽ ശുചീകരണം നടത്തും.

പേരൂർക്കട ഏരിയയിൽ ഊരൂർക്കോണം കുളം, നെയ്യാറ്റിൻകര യിൽ വൈദ്യുതി ഓഫീസ് പരിസരം പാറശാലയിൽ സർക്കാർ ആരോഗ്യകേന്ദ്രങ്ങളായ പൊഴിയൂർ, ചെങ്കൽ, ധനുവച്ചപുരം ആയുർവേദ ആശുപത്രി, കുളത്തൂർ ആശുപത്രി എന്നിവയും കെഎസ്ആർടിസി ഡിപ്പോയും ശുചീകരിക്കും.

കാട്ടാക്കടയിൽ മാർക്കറ്റും മലയിൻകീഴ് സ്കൂളും നെടുമങ്ങാട്, വിതുര ഏരിയകളിൽ താലൂക്ക് ആശുപത്രികളും വെഞ്ഞാറമൂട് മാർക്കറ്റും കിളിമാനൂരിൽ സ്വകാര്യ ബസ് സ്റ്റാൻഡും നേമത്ത് ബാലരാമപുരം മാർക്കറ്റും ആറ്റിങ്ങലിൽ വലിയകുന്ന് ആശുപത്രിയും കഴക്കൂട്ടത്ത് ആറ്റിപ്ര മാർക്കറ്റും വെള്ളറടയിൽ ആനാവൂർ പിഎച്ച്സിയും മംഗലപുരത്ത് കെഎസ്ആർടിസി ബസ്സ്റ്റാൻഡും കോവളത്ത് അടിമലത്തുറ ബീച്ച്, പരണിയം റോഡ്, വാഴമുട്ടം സ്കൂൾ, വട്ടംപാറവിള തോട്, കോവളം ബീച്ച്, ഫിഷ് ലാൻഡിങ് സെന്റർ, വെങ്ങാനൂർ പഞ്ചയത്ത് ഓഫീസ് മുതൽ കൃഷി ഓഫീസ് വരെയുള്ള സ്ഥലങ്ങൾ എന്നിവയും ശുചീകരിക്കും.

ഒരുമാസം ജില്ലയിൽ നടക്കുന്ന ശുചീകരണം തൊഴിലാളികളാകെ പങ്കെടുത്തും ജനങ്ങളെ അണിനിരത്തിയും വിജയിപ്പിക്കണമെന്ന് സിഐടിയു ജില്ലാ പ്രസിഡന്റ് ആർ രാമുവും സെക്രട്ടറി സി ജയൻബാബുവും അഭ്യർഥിച്ചു.

ഹരിയാന കേന്ദ്ര സർവകലാശാലയിൽ നിന്ന് ഇംഗ്ലീഷ് സാഹിത്യത്തിൽ ഡോക്ടറേറ്റ് നേടിയ എസ് ശ്രീക്കുട്ടി. ഈയ്യക്കോട് അശ്വതിയിൽ വി സുബ്ബലാലിന്റെയും ആർ കെ ബിന്ദുവിന്റെയും മകളാണ്

നെടുമങ്ങാട് താലൂക്ക് തല അദാലത്ത് ഇന്ന്

നെടുമങ്ങാട്

സംസ്ഥാന സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് മന്ത്രിമാരുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചുവരുന്ന കരുതലും കൈത്താങ്ങും താലൂക്കുതല അദാലത്ത് നെടുമങ്ങാട് താലൂക്കിൽ ശനിയാഴ്ച നടക്കും. രാവിലെ 10ന് ഗവ. ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ മന്ത്രി ജി ആർ അനിൽ ഉദ്ഘാടനം ചെയ്യും. മന്ത്രി വി ശിവൻകുട്ടി അധ്യക്ഷനാകും. മന്ത്രി ആന്റണി രാജു പങ്കെടുക്കും. മന്ത്രിമാർ പരാതികൾ സ്വീകരിക്കുകയും നേരിൽ കേട്ട് തീർപ്പാക്കും. പുതുതായി എത്തുന്ന അപേക്ഷകർക്ക് പരാതികൾ നൽകാം.

മഴക്കാല പൂർവ ശുചീകരണ യജ്ഞം നാളെ

തിരുവനന്തപുരം

ഗവ. ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റി എംപ്ലോയീസ് യൂണിയൻ (സിഐടിയു) സംഘടിപ്പിക്കുന്ന മഴക്കാല പൂർവ ശുചീകരണ യജ്ഞം ഞായറാഴ്ച. ജനറൽ ആശുപത്രി പരിസരത്ത് രാവിലെ 9ന് സിപിഐ എം ജില്ലാ സെക്രട്ടറി വി ജോയി ഉദ്ഘാടനം ചെയ്യും.

- 207 കോടിയുടെ പദ്ധതിക്ക് അംഗീകാരം

ജനറൽ ആശുപത്രിക്ക് 6 നില കെട്ടിടവും മോഡുലാർ ഓപ്പറേഷൻ തിയറ്ററും

സ്വന്തം ലേഖിക

തിരുവനന്തപുരം

തിരുവനന്തപുരം ജനറൽ ആശുപത്രി വികസനത്തിനായി തയ്യാറാക്കിയ പുതുക്കിയ പദ്ധതി റിപ്പോർട്ടിന് സർക്കാർ അംഗീകാരം. 207.35 കോടി രൂപയുടെ പദ്ധതിക്കാണ് ആരോഗ്യവകുപ്പ് അംഗീകാരം നൽകിയത്.

ആറുനിലയിൽ പുതിയ കെട്ടിടം, ലിഫ്റ്റുകൾ, മഴവെള്ള സംഭരണി, സിസിടിവി, മോഡുലാർ ഓപ്പറേഷൻ തിയറ്റർ, മെഡിക്കൽ ഗ്യാസ്, സീവേജ് ട്രീറ്റ്മെന്റ് പ്ലാൻ, സോളാർ വാട്ടർ ഹീറ്റർ തുടങ്ങി വിവിധ നിർമാണങ്ങൾ, ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 207,35,00,000 രൂപയാണ് പദ്ധതിക്ക് അനുവദിച്ചത്. 13 പേർക്കും 20 പേർക്കും ഒരേസമയം സഞ്ചരിക്കാനാകുന്ന പാസഞ്ചർ ലിഫ്റ്റ്, രണ്ട് ടൺ ശേഷിയുള്ള ഗുഡ്സ് ലിഫ്റ്റ് എന്നിവയും നിർമിക്കും.

നേരത്തെ 143.06 കോടിയുടെ പദ്ധതിക്ക് അംഗീകാരം നൽകിയിരുന്നു. ഇതിൽ പരിഷ്കാരങ്ങൾ വരുത്തിയാണ് പദ്ധതിതുക കൂട്ടിയത്. ജനറൽ ആശുപത്രിയുടെ സമഗ്രവികസനം മെഡിക്കൽ കോളേജ് ആശുപത്രിയിലെ തിരക്ക് നിയന്ത്രിക്കുന്നതിൽ വലിയ പങ്കുവഹിക്കുമെന്നാണ് പ്രതീക്ഷ.

കിഫ്ബിയാണ് ധനസഹായം നൽകുന്നത്. പദ്ധതിയുടെ വിവിധോദ്ദേശ്യ ഏജൻസിയായ വാപ്കോസ് ലിമിറ്റഡ് ഡിസൈനും വിശദ പദ്ധതിരേഖയും തയാറാക്കും. ഇത് കിഫ്ബിക്ക് സമർപ്പിച്ച് സാമ്പത്തിക സഹായ അനുമതി തേടും. നിരവധി പൈതൃകകെട്ടിടങ്ങൾ ഉൾപ്പെട്ട ക്യാമ്പസാണ് ജനറൽ ആശുപത്രിയുടേത്. ഇത് മികച്ച രീതിയിൽ നിലനിർത്തുകയും ലക്ഷ്യമാണ്. ആശുപത്രി മുഴുവൻ സിസിടിവി കാമറകൾ സ്ഥാപിക്കുന്നതോടെ ആരോഗ്യപ്രവർത്തകർക്കെതിരെ നടക്കുന്ന അതിക്രമങ്ങളും ഇല്ലാതാക്കാനും കൃത്യമായി തെളിവ് ശേഖരിക്കാനും കഴിയും.

എഐയിൽ ഡോക്യുമെന്ററി തയ്യാറാക്കി പൊതുവിദ്യാലയം

കിളിമാനൂർ

നിർമിത ബുദ്ധിയിൽ തയ്യാറാക്കിയ ഡോക്യുമെന്ററിയിലെ അവതാരകൻ ഇഖാൻ

സംസ്ഥാനത്ത് ആദ്യമായി നിർമിതബുദ്ധിയിൽ (എഐ) ഡോക്യുമെന്ററി തയ്യാറാക്കി ശ്രദ്ധേയമായൊരു പൊതുവിദ്യാലയം. തൊളിക്കുഴി എസ്വിഎൽ പിഎസാണ് ആർട്ടിഫിഷ്യൽ ഇന്റലിജെന്റ്സിൽ ഡോക്യുമെന്ററി രൂപപ്പെടുത്തി കാലത്തിനൊത്ത് ചുവടുവെച്ചത്.

സ്കൂളിൽ നടന്ന പ്രധാന പ്രവർത്തനങ്ങളാണ് 'പാഠം ഒന്ന്, മികവ്' എന്ന ഡോക്യുമെന്ററിയിൽ. ഇവാൻ എന്ന് പേരിട്ട കഥാപാത്രമാണ് അവതാരകനായി പ്രത്യക്ഷപ്പെടുന്നത്.

20 മിനിറ്റ് ഡോക്യുമെന്ററിയിൽ എഐ സങ്കേതം ഉപയോഗിച്ചാണ് സംഭാഷണവും. കിളിമാനൂർ ബിആർസിക്കു കീഴിലെ സ്കൂളുകളിലെ പ്രവർത്തനങ്ങൾ ഡോക്യുമെന്ററികളായി പൊതു സമൂഹത്തിൽ എത്തിക്കുന്നതിനായി 'അരീന'എന്ന പേരിൽ യൂട്യൂബ് ചാനലും തുടങ്ങിയിരുന്നു.

ഡോക്യുമെന്ററി അരീന ചാനലിൽ പ്രദർശിപ്പിക്കുമെന്ന് സ്കൂൾ അധികൃതർ പറഞ്ഞു.

നഴ്സസ് വാരാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി വി ശിവൻകുട്ടി നിർവഹിക്കുന്നു

നഴ്സസ് വാരാഘോഷത്തിന് തുടക്കം

തിരുവനന്തപുരം

അന്താരാഷ്ട്ര നഴ്സസ് ദിനാഘോഷത്തോടനുബന്ധിച്ച് നടക്കുന്ന നഴ്സസ് വാരാഘോഷത്തിന് വെള്ളിയാഴ്ച സ്കൂൾ ഓഫ് നഴ്സിങ് ഓഡിറ്റോറിയത്തിൽ തുടക്കം. മന്ത്രി ശിവൻകുട്ടി വാരാഘോഷം ഉദ്ഘാടനം ചെയ്തു.

ശനിയും ഞായറും വിവിധ വേദികളിലായി കലാമത്സരങ്ങൾ നടക്കും. എട്ട്, ഒമ്പത്,10 തീയതികളിൽ ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ നടക്കുന്ന കായികോത്സവം ഐ ബി സതീഷ് എംഎൽഎ ഉദ്ഘാടനം ചെയ്യും.

11ന് തിരുവനന്തപുരം കോളേജ് ഓഫ് നഴ്സിങ്ങിൽ വിദ്യാഭ്യാസ പരിപാടിയും അന്താരാഷ്ട്ര നഴ്സിങ് സംഗമവും എ എ റഹിം എംപി ഉദ്ഘാടനം ചെയ്യും. 12ന് ഘോഷയാത്രയും തുടർന്ന് എ കെ ജി ഹാളിൽ സമാപന സമ്മേളനവും നടക്കും.

അഡീഷണൽ ഡയറക്ടർ ഓഫ് നഴ്സിങ് സർവീസ് എം ജി ശോഭന അധ്യക്ഷയായി.

മലയാളം മിഷൻ ഡയറക്ടർ മുരുകൻ കാട്ടാക്കട, ഗായത്രി നായർ, സുബ്രഹ്മണ്യൻ, എസ് ബിന്ദു, എസ് എസ് ഹമീദ്, അനസ് ഷാജഹാൻ, നിഷാ ഹമീദ്, പ്രീത കൃഷ്ണൻ എന്നിവരും സംസാരിച്ചു.

രണ്ടരലക്ഷം പൊങ്കാല ഇഷ്ടിക; ഉയരും 30 വീട്

സ്വന്തം ലേഖിക

തിരുവനന്തപുരം

കനലണഞ്ഞ പൊങ്കാലയടുപ്പുകളിലെ ഇഷ്ടികകൾ ഇനി 30 പേരുടെ സ്വപ്നത്തിന് ചുമരും തണലുമാകും. ആറ്റുകാൽ പൊങ്കാലയ്ക്കുശേഷം കോർപറേഷന്റെ നേതൃത്വത്തിൽ ശേഖരിച്ച ഇഷ്ടികകളാണ് മുപ്പതോളം കുടുംബങ്ങളുടെ പ്രതീക്ഷകൾക്ക് ഉറപ്പുനൽകുന്നത്. മാർച്ച് ഏഴിന് നടന്ന പൊങ്കാലയർപ്പണത്തിനുശേഷം മണിക്കൂറുകൾക്കകം സന്നദ്ധപ്രവർത്തകരും കോർപറേഷൻ ശുചീകരണ ജീവനക്കാരും ചേർന്ന് ശേഖരിച്ചത് രണ്ടരലക്ഷത്തോളം ഇഷ്ടികയാണ്. മൂന്നുദിവസം കൊണ്ടാണ് നഗരത്തിലെ വിവിധ ഭാഗങ്ങളിൽനിന്ന് ഇവ ശേഖരിച്ചത്.

മാനദണ്ഡപ്രകാരം അർഹതപ്പെട്ടവരിൽനിന്ന് ലഭിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിലാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത്. ഭിന്നശേഷിക്കാർ, വിധവകൾ, കിടപ്പുരോഗികൾ, മാരകരോഗം ബാധിച്ചവർ, അതിദരിദ്ര വിഭാഗത്തിലുള്ളവർ എന്നിവരെയാണ് പരിഗണിച്ചത്. ലഭിച്ച 147 അപേക്ഷയിൽനിന്ന് 52 പേരെ ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്തു. ഇതിൽനിന്ന് മുൻഗണന അടിസ്ഥാനത്തിൽ 30 പേർക്കെങ്കിലും ഇഷ്ടിക നൽകാമെന്ന പ്രതീക്ഷയിലാണ് കോർപറേഷൻ. വീടു നിർമിക്കുന്ന സ്ഥലത്തേക്ക് ഇഷ്ടിക എത്തിക്കാനുള്ള സൗകര്യവും കോർപറേഷൻ ചെയ്തുവരികയാണ്. മൂന്നുപേർക്ക് ഇഷ്ടിക വിതരണം ചെയ്തു. ആറ്റുകാൽ ക്ഷേത്രം, സെക്രട്ടറിയറ്റ്, യൂണിവേഴ്സിറ്റി കോളേജ്, തമ്പാനൂർ തുടങ്ങിയ സ്ഥലങ്ങളിൽനിന്ന് ഇഷ്ടിക ശേഖരിച്ച് പുത്തരിക്കണ്ടം മൈതാനത്ത് സൂക്ഷിക്കുകയായിരുന്നു. കോർപറേഷന്റെ തീരുമാനത്തിനോട് എതിർപ്പ് പ്രകടിപ്പിച്ച് ബിജെപി ആഹ്വാനപ്രകാരം കുറച്ചുപേർ തങ്ങൾ ഉപയോഗിച്ച ഇഷ്ടികകൾ ഉടച്ചുകളഞ്ഞിരുന്നു.

പൊങ്കാലയ്ക്കുശേഷം അടുപ്പുകൂട്ടാനായി ഉപയോഗിക്കുന്ന ഇഷ്ടികകൾ ഉപേക്ഷിച്ചു പോകുന്നതായിരുന്നു പതിവ്. മറ്റ് മാലിന്യത്തിനൊപ്പം ഇഷ്ടിക ശേഖരിച്ച് കളയുന്നതിലെ ബുദ്ധിമുട്ട് നേരിട്ടതോടെയാണ് ആവശ്യക്കാരിലേക്ക് എത്തിക്കുകയെന്ന ലക്ഷ്യത്തിലേക്ക് കോർപറേഷൻ എത്തിയത്. 2018 മുതലാണ് കോർപറേഷൻ ഇഷ്ടിക ശേഖരിച്ച് ഭവനപദ്ധതികൾക്ക് ഉപയോഗിക്കാൻ തുടങ്ങിയത്. ആദ്യവർഷം ഒമ്പതുപേർക്കാണ് വീടൊരുക്കിയത്.

ആറ്റുകാൽ പൊങ്കാലയ്ക്കുശേഷം കോർപ്പറേഷൻ ശേഖരിച്ച ഇഷ്ടികകൾ ഗുണഭോക്താക്കൾക്ക് കൈമാറാൻ ലോറികളിൽ കയറ്റുന്നു

തിരുവനന്തപുരം ജില്ലാ ഓട്ടോ ടാക്സി ആൻഡ് ലൈറ്റ് മോട്ടോർ വർക്കേഴ്സ് യൂണിയൻ ജില്ലാ സമ്മേളനത്തോടനുബന്ധിച്ചു നടന്ന പൊതുസമ്മേളനം സിഐടിയു സംസ്ഥാന പ്രസിഡന്റ് ആനത്തലവട്ടം ആനന്ദൻ ഉദ്ഘാടനം ചെയ്യുന്നു

ഓട്ടോ ടാക്സി ആൻഡ് ലൈറ്റ് മോട്ടോർ വർക്കേഴ്സ് യൂണിയൻ ജില്ലാസമ്മേളനം ഇന്ന്

തിരുവനന്തപുരം

ഓട്ടോ ടാക്സി ആൻഡ് ലൈറ്റ് മോട്ടോർ വർക്കേഴ്സ് യൂണിയൻ (സിഐടിയു) ജില്ലാ സമ്മേളനം ശനിയാഴ്ച നടക്കും. വെള്ളിയാഴ്ച വൈകിട്ട് അട്ടക്കുളങ്ങര കേന്ദ്രീകരിച്ച് പ്രകടനവും തുടർന്ന് തമ്പാനൂരിൽ പൊതുയോഗവും സംഘടിപ്പിച്ചു. എൻ മോഹൻ നായർ നഗറിൽ പൊതുയോഗം സിഐടിയു സംസ്ഥാന പ്രസിഡന്റ് ആനത്തലവട്ടം ആനന്ദൻ ഉദ്ഘാടനം ചെയ്തു. യൂണിയൻ ജില്ലാ പ്രസിഡന്റ് പി രാജേന്ദ്രകുമാർ അധ്യക്ഷനായി. വി ജോയി എംഎൽഎ, കടകംപള്ളി സുരേന്ദ്രൻ എംഎൽഎ, കെ എസ് സുനിൽകുമാർ, സി ജയൻബാബു, കെ ജയമോഹൻ, നാലാഞ്ചിറ ഹരി, എ സൂഫി, തമ്പാനൂർ മുരുകൻ എന്നിവർ സംസാരിച്ചു.

ശനി രാവിലെ 10ന് കോട്ടയ്ക്കകം ശിവൻനഗറിൽ (ചാക്ക വൈ എംഎ ഹാൾ) കോൺഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് കടകംപള്ളി സുരേന്ദ്രൻ ഉദ്ഘാടനം ചെയ്യും.

- എൻജിഒ യൂണിയൻ വജ്രജൂബിലി

സെമിനാറുകൾക്ക് ഇന്ന് തുടക്കം

തിരുവനന്തപുരം

എൻജിഒ യൂണിയൻ വജ്രജൂബിലി സമ്മേളനത്തിന് അനുബന്ധമായ സെമിനാറുകൾ ശനിമുതൽ ആരംഭിക്കും. 27 മുതൽ 30 വരെ തിരുവനന്തപുരത്ത് നടക്കുന്ന സമ്മേളനത്തിന്റെ ആദ്യ അനുബന്ധ സെമിനാർ ശനി വൈകിട്ട് നാലിന് മലയിൻകീഴ് ജങ്ഷനിൽ നടക്കും. 'കാർഷിക മേഖലയും ഇന്ത്യൻ സമ്പദ്ഘടനയും' സെമിനാർ അഖിലേന്ത്യാ കിസാൻസഭ ജനറൽ സെക്രട്ടറി ഡോ. വിജൂ കൃഷ്ണൻ ഉദ്ഘാടനം ചെയ്യും.

11ന് നെടുമങ്ങാട് ചന്തമുക്കിൽ 'ജനാധിപത്യത്തിനു മേൽ ഫാസിസം പിടിമുറുക്കുമ്പോൾ' – ഉദ്ഘാടനം എ എ റഹിം എംപി, 15ന് ബാലരാമപുരം റഷീദ് ഓഡിറ്റോറിയത്തിൽ 'ശാസ്ത്രവും സാമൂഹ്യവളർച്ചയും' – ഉദ്ഘാടനം – പ്രൊഫ. സി രവീന്ദ്രനാഥ്, 17ന് ആറ്റിങ്ങൽ പൂജാ കൺവൻഷൻ സെന്ററിൽ 'നവലിബറൽ നയങ്ങളും തൊഴിൽ മേഖലയും' – ഉദ്ഘാടനം സിഐടിയു സംസ്ഥാന പ്രസിഡന്റ് ആനത്തലവട്ടം ആനന്ദൻ, 19ന് യൂണിവേഴ്സിറ്റി കോളേജിൽ 'വർഗീയത–ചരിത്രവും വർത്തമാനവും' –ഉദ്ഘാടനം എം സ്വരാജ് എന്നിങ്ങനെയാണ് തുടർ സെമിനാറുകൾ.

കളർ, ക്രയോൺസ് എന്നീ മാധ്യമങ്ങൾ ഉപയോഗിക്കാം. പേപ്പർ, വിഷയം എന്നിവ മത്സര സമയം നൽകും. ഒന്നും രണ്ടും മൂന്നും സ്ഥാനക്കാർക്ക് ക്യാഷ് അവാർഡും ഉപഹാരവും പ്രശസ്തി പത്രവും സമ്മാനിക്കും.

മത്സരാർഥികൾ ക്ലാസ്, സ്കൂൾ എന്നിവകൂടി എൻട്രിയോടൊപ്പം രേഖപ്പെടുത്തണം. 10നകം കൺവീനർ, കലാസാംസ്കാരിക സമിതി സബ്കമ്മിറ്റി, വജ്രജൂബിലി സമ്മേളന സ്വാഗതസംഘം, എൻജിഒ യൂണിയൻ തിരുവനന്തപുരം സൗത്ത് ജില്ലാ കമ്മിറ്റി ഓഫീസ്, ശാസ്താംകോവിൽ റോഡ്, തൈക്കാട്– 695014 വിലാസത്തിൽ അയയ്ക്കണം. രജിസ്ട്രേഷന്: ngounionjubilee@gmail.com. ഫോൺ: 0471 2333484, 9447401872.

പെയിന്റിങ് മത്സരം

തിരുവനന്തപുരം

എൻജിഒ യൂണിയൻ വജ്രജൂബിലി സമ്മേളന അനുബന്ധമായി വിദ്യാർഥികൾക്ക് ചിത്രരചനാ മത്സരം നടത്തും. എൽപി, യുപി, ഹൈസ്കൂൾ വിഭാഗങ്ങളിൽ 13ന് രാവിലെ ഒമ്പതിന് തിരുവനന്തപുരം മ്യൂസിയം കോമ്പൗണ്ടിലാണ് മത്സരം. വാട്ടർകളർ, അക്രലിക്

ടിപ്പറിനടിയിൽപ്പെട്ട് ഡെലിവറി ബോയ് മരിച്ചു

ചാല

പ്രതീഷ്

നിയന്ത്രണംവിട്ട ബൈക്ക് മറിഞ്ഞ് ടിപ്പർലോറിക്കടിയിൽപെട്ട യുവാവ് മരിച്ചു. വെങ്ങാനൂർ വെണ്ണിയൂർ പ്രതീഷ് ഭവനിൽ പ്രതീഷ് (27) ആണ് മരിച്ചത്. പകൽ 11:50 ഓടെ അട്ടക്കുളങ്ങരയിലാണ് അപകടം. സ്വകാര്യ സ്ഥാപനത്തിലെ ഡെലിവറി ബോയ് ആയിരുന്ന പ്രതീഷ് സ്ഥാപനത്തിലേക്കുള്ള സാധനങ്ങളുമായി മടങ്ങവേയാണ് അപകടം. മറ്റൊരു വാഹനത്തെ മറികടക്കുന്നതിനിടെ നിയന്ത്രണം വിട്ട് ബൈക്ക് മറിഞ്ഞു. റോഡിൽവീണ പ്രതീഷിന്റെ ശരീരത്തിലൂടെ അതേ ദിശയിലെത്തിയ ടിപ്പർ കയറിയിറങ്ങുകയായിരുന്നു. പ്രതീഷ് തൽക്ഷണം മരിച്ചു. ഫോർട്ട് പൊലീസ് കേസെടുത്തു. പ്രസന്നകുമാർ ആണ് പ്രതീഷിന്റെ അച്ഛൻ. അമ്മ: അനിത. സഹോദരി: പ്രസീത.

കിഡ്നി ആവശ്യമുണ്ട്
(A+, A-)
(O+, O-)
ഫോൺ: 8590247558

ജില്ലയിൽ ഒഴിവ്
SSLC കഴിഞ്ഞവരെ നിയമിക്കുന്നു
below 26
18000-28000
8606498548

BSc NURSING
(INC, KNC, RUGHS APPROVED
19 വർഷത്തെ സേവന പാരമ്പര്യമുള്ള ബാഗ്ലൂരിലെ PRAGATHI കോളേജ് ഓഫ് നഴ്സിംഗിൽ അഡ്മിഷൻ നേടാം
കോളേജ് കാണുവാൻ QR കോഡ് സ്കാൻ ചെയ്യുക
താമസം, ഭക്ഷണം ഉൾപ്പടെ പ്രതിവർഷം 1,50,000/- മാത്രം
Promise EDUCATIONAL SERVICES
FOR SPOT അഡ്മിഷൻ 9747100333 / 9745177728

ശിവഗിരിയിൽ 61-ാമത് ശ്രീനാരായണ ധർമ മീമാംസാ പരിഷത്ത് മന്ത്രി പി പ്രസാദ് ഉദ്ഘാടനം ചെയ്യുന്നു

ഗുരുവിന്റെ വിദ്യാഭ്യാസ ദർശനം സമഗ്രപുരോഗതിയിലേക്ക് നയിച്ചു: മന്ത്രി

വർക്കല

ശ്രീനാരായണ ഗുരുവിന്റെ വിദ്യാഭ്യാസ ദർശനം താഴെത്തട്ടിലുള്ളവരുടെ സമഗ്രപുരോഗതിക്ക് വഴി തെളിച്ചുവെന്ന് മന്ത്രി പി പ്രസാദ്. ശിവഗിരിയിൽ ഗുരുദേവൻ ശാരദാദേവിയെ പ്രതിഷ്ഠിച്ചതിന്റെ 111–ാം വാർഷികത്തിന്റെ ഭാഗമായി 61–ാമത് ശ്രീനാരായണ ധർമമീമാംസാ പരിഷത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. പല മേഖലയിലും അർഹതയുണ്ടായിട്ടും വലിയൊരു വിഭാഗത്തെ ജാതിയുടെ പേരിൽ മാറ്റി നിർത്തിയത് കാലം മായ്ക്കാത്ത തെറ്റായിരുന്നു. ഇന്നും അർഹതയുള്ളവരെ പലയിടത്തുനിന്നും ഒഴിവാക്കുകയും അവിടെ ജാതിചിന്ത കടന്നുവരുന്നെന്നും അദ്ദേഹം പറഞ്ഞു. സ്വാമി സച്ചിദാനന്ദ അധ്യക്ഷനായി. ധർമസംഘം ട്രസ്റ്റ് ജനറൽ സെക്രട്ടറി സ്വാമി ശുഭാംഗാനന്ദ, സ്വാമി ശാരദാനന്ദ, പ്രൊഫ.എസ് ശിശുപാലൻ, പി എം മധു, അനിൽ തടാലിൽ, സോഫി വാസുദേവൻ, ചന്ദ്രൻ പുളിങ്കുന്ന്, എം ബി രാജൻ, കെ ടി സുകുമാരൻ, കെ ആർ സുരേഷ് കുമാർ എന്നിവർ സംസാരിച്ചു.

പ്രൊഫ. കെ എൻ ഗണേഷ്, ഡോ. മുത്തുലക്ഷ്മി, സ്വാമി ധർമ ചൈതന്യ, രഹന എന്നിവർ പഠനക്ലാസ്സുകൾ നയിച്ചു. ജി പ്രിയദർശനന് പ്രഥമ ശ്രീനാരായണ ധർമ പ്രചാരക പുരസ്കാരം സച്ചിദാനന്ദ സ്വാമി സമ്മാനിച്ചു.

കാട്ടാക്കടയിൽ 381.75 കോടിയുടെ നിക്ഷേപത്തിന് ധാരണ

കാട്ടാക്കട

മെഡിക്കൽ ടെക്നോളജി മേഖലയിൽ 200 കോടി നിക്ഷേപിക്കുന്നതിന്റെ ധാരണപത്രം സെക്യു ഗ്രീൻ കമ്പനിക്കുവേണ്ടി എം ഡി സെയ്ദ് മുഹമ്മദ് മെഹദി ഐ ബി സതീഷ് എംഎൽഎയ്ക്ക് കൈമാറുന്നു

കാട്ടാക്കട നിയോജക മണ്ഡലത്തിൽ 381.75 കോടിയുടെ നിക്ഷേപത്തിന് തയ്യാറായി സംരംഭകർ. 24 നിക്ഷേപകരിൽനിന്ന് താൽപ്പര്യപത്രം കലക്ടർ ജെറോമിക് ജോർജ് ഏറ്റുവാങ്ങി. കാട്ടാൽ ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കൗൺസിലും (കെഐഡിസി) കേരള സർക്കാർ വ്യവസായ വാണിജ്യവകുപ്പും ചേർന്ന് കാട്ടാക്കടയിൽ സംഘടിപ്പിച്ച നിക്ഷേപക സംഗമത്തിലാണ് രാജ്യത്തിന